# മാലിന്യപ്രശ്നത്തിന് പരിഹാരമായില്ല; മേപ്പാടി ടൗൺ നാറുന്നു

**മേപ്പാടി:** മേപ്പാടിയിൽ ഒരു വർഷത്തിലധികമായി തുടരുന്ന മാലിന്യപ്രശ്നത്തിന് ഇനിയും പരിഹാരമായില്ല.

മഴ പെയ്യുമ്പോൾ ടൗൺ ചീഞ്ഞുനാറുകയാണ്. ടൗണിൽ പലയിടത്തും മാലിന്യങ്ങൾ കത്തിക്കുന്നതിനാൽ കടുത്ത ആരോഗ്യപ്രശ്നങ്ങളും ഉയരുന്നു.

മേപ്പാടിയിലെ മാലിന്യങ്ങൾ 16 കിലോമീറ്റർ അകലെ അട്ടമല വനാതിർത്തിയിൽ നിക്ഷേപിക്കുകയായിരുന്നു പതിവ്. പ്രദേശത്ത് ആൾത്താമസമില്ലാത്തതിനാൽ ആർക്കും പരാതിയുണ്ടായിരുന്നില്ല.

എന്നാൽ, വനത്തിൽ മാലിന്യവും പ്ലാസ്റ്റിക്കും നിക്ഷേപിക്കുന്നതിനെതിരെ വനംവകുപ്പ് രംഗത്തുവന്നതോടെ, മാലിന്യനീക്കം തടസ്സപ്പെട്ടു. പകരം സംവിധാനം ഉണ്ടാക്കുന്നതുവരെ വനത്തിൽതന്നെ മാലിന്യം നിക്ഷേപിക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഗ്രാമപ്പഞ്ചായത്തംഗങ്ങൾ മേപ്പാടിയിലെ വനംവകുപ്പ് റെയ്ഞ്ച് ഓഫീസ് ഉപരോധിച്ചു.

തുടർന്ന് കുറച്ചു ദിവസങ്ങൾകൂടി വനംവകുപ്പ് സാവകാശം നൽകിയെങ്കിലും പകരം സംവിധാനമൊരുക്കാൻ ഗ്രാമപ്പഞ്ചായത്ത് അധികൃതർക്ക് കഴിഞ്ഞില്ല. ഇതോടെ ടൗണിലെ മാലിന്യനീക്കം പൂർണമായി നിലച്ചു.

തുടർന്ന് അട്ടമലയ്ക്കുസമീപം മുണ്ടക്കൈ വനാതിർത്തിയിലെ സ്വകാര്യഭൂമിയിൽ മാലിന്യം നിക്ഷേപിക്കാൻ ധാരണയായെങ്കിലും പ്രദേശവാസികളുടെ എതിർപ്പുമൂലം നടന്നില്ല. പിന്നീട് അനുയോജ്യമായ സ്ഥലങ്ങൾ അന്വേഷിച്ചുവെങ്കിലും ഫലം കണ്ടില്ല. രണ്ടാഴ്ചയിലൊരിക്കൽ ടൗണിലെ മാലിന്യങ്ങൾ വാരി, ഗ്രാമപ്പഞ്ചായത്ത് ഓഫീസിനുസമീപമുള്ള കുഴിയിലിട്ട് കത്തിക്കുകയാണ് കഴിഞ്ഞ കുറേ മാസങ്ങളായി ചെയ്തിരുന്നത്. ഇപ്പോൾ അതും നിലച്ചു.



ടൗണിൽ പലയിടത്തും കുന്നുകൂടിക്കിടക്കുന്ന മാലിന്യം, ദുർഗന്ധം സഹിക്കാതാകുമ്പോൾ വ്യാപാരികൾ കത്തിക്കുകയാണ് പതിവ്. പച്ചക്കറികളുടെയും മറ്റും അവശിഷ്ടങ്ങൾ ചീഞ്ഞുനാറുന്നു. മഴപെയ്യുമ്പോൾ ഇവ പ്രധാന പാതകളിലൂടെ പരന്നൊഴുകുന്നു. മൂക്കുപൊത്താതെ ടൗണിലൊരിടത്തും നില്ക്കാൻ സാധിക്കില്ല.

വേനൽമഴ പെയ്തതോടെ മാലിന്യങ്ങൾ മഴവെള്ളത്തിലൂടെ കിണറുകളിലും തോടുകളിലും മറ്റ് ജലസ്രോതസ്സുകളിലുമെത്തി രോഗങ്ങൾ പടർന്നുപിടിക്കുമെന്ന ആശങ്കയിലാണ് വ്യാപാരികളും പരിസരവാസികളും. കൊതുക്, ഈച്ചശല്യവും ഏറി.

മാലിന്യം ടൗണിലിട്ട് കത്തിക്കുന്നതും പരിസ്ഥിതി, ആരോഗ്യപ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ട്. ചെമ്പ്രാപീക്ക്, സൂചിപ്പാറ, മീൻമുട്ടി, കാന്തംപാറ, കാരാപ്പുഴ ഡാം എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് ദിനംപ്രതി നൂറുകണക്കിന് സഞ്ചാരികളാണെത്തുന്നത്. അവധിക്കാലമായതിനാൽ വിനോദസഞ്ചാരികളുടെ എണ്ണം വർധിച്ചിട്ടുണ്ട്. ഇവരിൽ നല്ലൊരു പങ്കും മേപ്പാടിയിലെ ലോഡ്ജുകളും ഡോർമിറ്ററികളുമാണ് താമസിക്കാൻ തിരഞ്ഞെടുക്കുന്നത്. എന്നാൽ, ഇവർ മനംമടുത്താണ് മേപ്പാടിയിൽനിന്ന് മടങ്ങുന്നത്. അതുകൊണ്ടുതന്നെ മാലിന്യപ്രശ്നം വിനോദസഞ്ചാര മേഖലയെ ബാധിക്കുമോയെന്ന ആശങ്കയും നിലനില്ക്കുന്നു.

മാലിന്യം നിക്ഷേപിക്കാൻ അനുയോജ്യമായ നിരവധി സ്ഥലങ്ങൾ അന്വേഷിച്ചുവെങ്കിലും പ്രദേശവാസികളുടെ എതിർപ്പു കാരണം നടപ്പാക്കാൻ കഴിയുന്നില്ലെന്നാണ് പഞ്ചായത്തധികൃതർ പറയുന്നത്. മാലിന്യം സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനമൊരുക്കാൻ 2014-15ലെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. മാലിന്യപ്രശ്നം ഉടലെടുത്ത ആദ്യനാളുകളിൽ പ്രതിഷേധവുമായി രംഗത്തുവന്ന രാഷ്ട്രീയ, സന്നദ്ധസംഘടനകൾ ഇപ്പോൾ മൗനത്തിലാണ്.

## നടവയൽ-വേലിയമ്പം റോഡ് തുറന്നുകൊടുക്കും

**കല്പറ്റ:** നവീകരണത്തിനായി അടച്ചിട്ട നടവയൽ-വേലിയമ്പം റോഡ് മെയ് പകുതിയോടെ ഗതാഗതത്തിന് തുറന്നുകൊടുക്കും. പാതയുടെ നവീകരണം പുരോഗമിക്കുകയാണ്.

കൂടോത്തുമ്മലിനെ പുല്പള്ളിയുമായി ബന്ധിപ്പിക്കുന്ന പാതയുടെ ഭാഗമാണ് നടവയൽ മുതൽ വേലിയമ്പം വരെയുള്ളത്. ഇതിൽ രണ്ട് കിലോമീറ്റർ സൗത്ത് വയനാട് വനം ഡിവിഷനിലെ നെയ്ക്കുപ്പ സെക്ഷനിലൂടെയാണ് കടന്നുപോകുന്നത്. നിലവിൽ മൂന്ന് മീറ്ററാണ് റോഡിൻെറ വീതി. ഇത് 3.8 മീറ്ററായി വർധിപ്പിച്ചാണ് നവീകരണം. 4.2 കിലോമീറ്ററാണ് നടവയലിൽനിന്ന് വേലിയമ്പത്തേക്കുള്ള ദൂരം.

പുല്പള്ളി മേഖലയിലെ ആദ്യകാല പാതകളിലൊന്നാണ് വേലിയമ്പത്തുനിന്ന് നടവയലിലേക്കുള്ളത്. കുടിയേറ്റ മേഖലകളാണ് നെയ്ക്കുപ്പ വനത്തിന് ഇപ്പുറവും അപ്പുറവുമായുള്ള വേലിയമ്പവും നടവയലും. ബസ്സുകളടക്കം നിരവധി വാഹനങ്ങൾ ഓടുന്ന റോഡ് പൊട്ടിപ്പൊളിഞ്ഞ് സഞ്ചാരയോഗ്യമല്ലാതായിട്ട് വർഷങ്ങളായി. പുല്പള്ളി, വേലിയമ്പം നിവാസികൾ ആക്ഷൻ കമ്മിറ്റി രൂപവത്കരിച്ച് സമരം നടത്തിയതിനുശേഷമാണ് വീതികൂട്ടി റോഡ് നവീകരിക്കാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറായത്.

## നടപടി സ്വീകരിക്കണം

**മീനങ്ങാടി:** അകാരണമായി യുവാക്കളെ വീട്ടിൽ കയറി മർദിക്കുകയും സ്ത്രീകളെ അസഭ്യം പറയുകയും ചെയ്ത മീനങ്ങാടി സ്റ്റേഷനിലെ പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് മുസ്ലിം ലീഗ് പഞ്ചായത്ത് കമ്മിറ്റി ആവശ്യപ്പെട്ടു.

വിഷുദിനത്തിൽ മീനങ്ങാടി ടൗണിൽ സമൂഹവിരുദ്ധർ അഴിഞ്ഞാടിയപ്പോൾ കാഴ്ചക്കാരിയി നിന്ന പോലീസുകാർ, നിരപരാധികളായ റിയാസ്, നൗഫൽ എന്നിവരെ രാത്രി 10 മണിക്ക് ശേഷം കസ്റ്റഡിയിലെടുത്ത് മർദിച്ചു. വിവരമറിഞ്ഞ് സ്റ്റേഷനിലെത്തിയ ബന്ധുക്കളോടും പോലീസ് മോശമായാണ് പെരുമാറിയത്. ഇത് സംബന്ധിച്ച് മുഖ്യമന്ത്രി, ആഭ്യന്തരമന്ത്രി, മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി, ജില്ലാ പോലീസ് സൂപ്രണ്ട് എന്നിവർക്ക് പരാതി നൽകും. പ്രസിഡൻറ് സി.കെ. സെയ്തലവിഹാജി അധ്യക്ഷത വഹിച്ചു. എം.എ.അയ്യൂബ്, ഷമീർ, ഹൈറുദ്ദീൻ, കെ.അബ്ദുഹാജി, പി.കെ.അബൂബക്കർ എന്നിവർ സംസാരിച്ചു.

## ബ്രിഡ്ജ് കോഴ്സ്

**കല്പറ്റ:** പ്ലസ് വൺ സയൻസ് ഗ്രൂപ്പെടുത്ത് പഠിക്കാൻ തയ്യാറെടുക്കുന്നവർക്കായി കല്പക സിജിയിൽ ബ്രിഡ്ജ് കോഴ്സ് നടത്തും. മെയ് നാലിന് തുടങ്ങുന്ന കോഴ്സിലേക്ക് രജിസ്ട്രേഷൻ തുടങ്ങി. ഫോൺ: 04936 205155, 9497652418.

## എ.പ്ലസ്സുകാരെ അനുമോദിക്കും

**കല്പറ്റ:** കോച്ച് ഇന്ത്യ ഫൗണ്ടേഷൻ, ജില്ലയിൽ മുഴുവൻ വിഷയങ്ങൾക്കും എ.പ്ലസ് ലഭിച്ച കുട്ടികളെ 19-ന് 10 മണിക്ക് കല്പറ്റ ടൗൺ ഹാളിൽ അനുമോദിക്കും. ഇതോടനുബന്ധിച്ച് സൗജന്യ കരിയർ ഗൈഡൻസ് ക്ലാസ്സും നടത്തും. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് എൻ.കെ. റഷീദ് ഉദ്ഘാടനം ചെയ്യും. മാർക്ക് ലിസ്റ്റിൻെറ പകർപ്പ് സഹിതം 9.30-ന് എത്തണം. ഫോൺ: 8156876666, 8156876667.

## സൗജന്യ വിദ്യാഭ്യാസ ശില്പശാല

**പുൽപ്പള്ളി:** പ്ലസ് ടു, ബിരുദ പഠനങ്ങൾ പൂർത്തിയാക്കിയവർക്കായി ഉപരിപഠന രംഗത്തെ അവസരങ്ങളെക്കുറിച്ച് വിവരം നൽകുന്ന സൗജന്യ ശില്പശാല മെയ് മൂന്നിന് ഒമ്പത് മണിക്ക് കബനി ഓഡിറ്റോറിയത്തിൽ നടക്കും.

## ഫുട്ബോൾ സെലക്ഷൻ

**കാക്കവയൽ:** മുട്ടിൽ ഫുട്ബോൾ അക്കാദമി കാക്കവയൽ സെൻററിലെ തെനേരി, പക്ക്യാനി ക്കുന്ന് ഭാഗത്തെ 12 വയസ്സിനു താഴെയുള്ള കുട്ടികൾക്കായി ഏപ്രിൽ 19-ന് ഒമ്പത് മണിക്ക് കാക്കവയൽ സ്കൂൾ മൈതാനത്ത് ഫുട്ബോൾ സെലക്ഷൻ നടക്കും.

## വിദ്യാർഥികളെയും സ്കൂളുകളെയും ആദരിക്കുന്നു

**കല്പറ്റ:** എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വയനാട് ജില്ലയിലെ വിദ്യാർഥികളെയും ഏറ്റവും കൂടുതൽ എ പ്ലസ് നേടിയ സ്കൂളുകളെയും കോച്ച് ഇന്ത്യ ഫൗണ്ടേഷൻ ആദരിക്കുന്നു. 19-ന് 9.30-ന് കല്പറ്റ ടൗൺഹാളിൽ നടക്കുന്ന ചടങ്ങ് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് എൻ.കെ. റഷീദ് ഉദ്ഘാടനം ചെയ്യും. എം.വി. ശ്രേയാംസ്കുമാർ എം.എൽ.എ. ജേതാക്കളെ ആദരിക്കും. ഇതിനൊപ്പം കരിയർ ഗൈഡൻസ് ക്ലാസും നടത്തും. വിദ്യാർഥികൾ 8156876666, 8156876667 എന്നീ നമ്പറുകളിൽ രജിസ്റ്റർ ചെയ്യണം. രാവിലെ 9.30-ന് മുമ്പായി മാർക്ക്ലിസ്റ്റ് സഹിതം കല്പറ്റ ടൗൺഹാളിൽ എത്തണം.



വാലാച്ചാൽ വളപ്പിൽ മറിഞ്ഞ ജീപ്പ്

## വാൻ മറിഞ്ഞ് മൂന്നു പേർക്ക് പരിക്ക്

**പനമരം:** വാലാച്ചാൽ വളപ്പിൽ മുസ്ലിം പള്ളിക്കുസമീപം ജീപ്പ് മറിഞ്ഞ് മൂന്നു പേർക്ക് നിസ്സാര പരിക്കേറ്റു. പത്തടിയോളം താഴ്ചയിലേക്കാണ് ടാറ്റാ സുമോ മറിഞ്ഞത്. ഭാഗ്യംകൊണ്ടുമാത്രം വൻ ദുരന്തമൊഴിവായി.

വ്യാഴാഴ്ച 3.30-നാണ് അപകടമുണ്ടായത്. കോഴിക്കോട്ടുനിന്ന് മാനന്തവാടിയിലേക്കു പോവുകയായിരുന്നു വാഹനം. റോഡിന് സംരക്ഷണഭിത്തിയില്ലാത്തതാണ് അപകടത്തിന് ഇടവരുത്തിയതെന്ന് പ്രദേശവാസികൾ പറഞ്ഞു.

## കരിന്തണ്ടൻ പ്രസ്ഥാനത്തിലൂടെ ആദിവാസികളെ തൊഴിൽ സജ്ജരാക്കും

**കല്പറ്റ:** ആദിവാസികളുടെ ക്ഷേമത്തിനായി രൂപവത്കരിച്ച ഡയമണ്ട് സിറ്റിസൺ വെൽഫെയർ ട്രസ്റ്റിൻെറ കരിന്തണ്ടൻ പ്രസ്ഥാനത്തിലൂടെ ഈ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളെ തൊഴിൽ സജ്ജരാക്കുമെന്ന് ട്രസ്റ്റ് ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു.

ജില്ലയിൽ ഒന്നര ലക്ഷത്തോളം ആദിവാസികളുണ്ട്. മുളകൾ, സുഗന്ധവ്യഞ്ജനങ്ങൾ, പച്ചക്കറി തുടങ്ങി പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് മൂല്യവർധിത ഉത്പന്നങ്ങളുണ്ടാക്കി വിപണനം നടത്തുകയും ഇതുവഴി ആദിവാസികൾക്ക് വരുമാനമുണ്ടാക്കി കൊടുക്കയുമാണ് ട്രസ്റ്റിൻെറ ലക്ഷ്യം. മൂന്നാഴ്ച മുമ്പ് രൂപവത്കരിച്ച ട്രസ്റ്റ് ഇതിനകം തന്നെ 20-ഓളം ആദിവാസി യുവതികൾക്ക് വിവിധ തരം ഉത്പന്നങ്ങളുണ്ടാക്കുന്നതിൽ പരിശീലനം നൽകി. ഈ ഉത്പന്നങ്ങളെല്ലാം വയനാട് ചേംബർ ഓഫ് കൊമേഴ്സ് സംഘടിപ്പിച്ച ആൾ ഇന്ത്യ ട്രേഡ് ഫെയറിൽ പ്രദർശിപ്പിച്ചിരുന്നു. ഡ്രസ്സ് ഹാംഗർ, ടവൽ സ്റ്റാൻഡ്, സ്ലാക്ക് ബാൾ, ഫർണിച്ചറുകൾ, ഫൂട്വെയർ കീപ്പർ, ഇടിച്ചക്ക കൊണ്ടുള്ള വിവിധ ഭക്ഷ്യോത്പന്നങ്ങൾ തുടങ്ങിയ ഉത്പന്നങ്ങളാണ് ഉത്പാദിപ്പിച്ചത്. വരുമാനദായകമായ തൊഴിലിലൂടെ ആദിവാസികളുടെ ജീവിതനിലവാരമുയർത്തുവാനാണ് ഉദ്ദേശിക്കുന്നത്.

മാനേജിങ് ട്രസ്റ്റി കെ.ആർ. പ്രഭുരാജൻ, ട്രസ്റ്റി അഡ്വ. മാമ്മൻ എം. തോമസ്, തൊഴിൽ പരിശീലനം നേടിയ എം.എൻ. മഹിത, എ.എം. സൗമ്യ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.



അരപ്പറ്റ സി.എം.എസ്. ഹയർ സെക്കൻഡറി സ്കൂൾ പൂർവ വിദ്യാർഥി സംഘടനയുടെ 'ധ്വനിതം' മെഗാഷോയുടെ ഡി.വി.ഡി. പി.എം. അന്നക്കുട്ടി പ്രകാശനം ചെയ്യുന്നു

## പ്രകാശനംചെയ്തു

**അരപ്പറ്റ:** സി.എം.എസ്. ഹയർ സെക്കൻഡറി സ്കൂളിലെ പൂർവ വിദ്യാർഥിസംഘടനയായ 'ധ്വനിതം' കഴിഞ്ഞവർഷം നടത്തിയ മെഗാഷോയുടെ വീഡിയോ ഡി.വി.ഡി. പ്രകാശനം അധ്യാപിക പി.എം.അന്നക്കുട്ടി നിർവഹിച്ചു.

ഏപ്രിൽ 27-ന് നടക്കുന്ന 'ധ്വനിതം - 2014' മെഗാഷോയുടെ ഫണ്ടുശേഖരണം എച്ച്.എം.എൽ. സീനിയർ മാനേജർ വിനോദ് ഉദ്ഘാടനം ചെയ്തു.

പി.എം. രാജേഷ്, എം. അറുമുഖൻ, എ.കെ. റഫീഖ്, ആർ. യമുന, അസീസ് കുന്നത്ത്, അനിത എന്നിവർ സംസാരിച്ചു.

## വന്യജീവി ശല്യം: സംരക്ഷണം നൽകണമെന്ന് സി.പി.എം.

**കല്പറ്റ:** വന്യജീവികളിൽനിന്ന് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സി.പി.എം. ജില്ലാ സെക്രട്ടറി സി.കെ. ശശീന്ദ്രൻ ആവശ്യപ്പെട്ടു.

ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വന്യജീവി ശല്യം വർധിക്കുകയാണ്. ഏറ്റവും ഒടുവിൽ വാകേരിക്കടുത്ത് മൂടക്കൊല്ലിയിൽ കർഷകനായ താഴേതടത്തിൽ രജീഷ് കാട്ടാനയുടെ ആക്രമണത്തിൽ മരിച്ചു. ഇതിനടുത്ത പ്രദേശമായ പാപ്ലശേരിയിൽ ഇറങ്ങിയ കടുവ വനത്തിലേക്ക് മടങ്ങിയതായി സ്ഥിരീകരിച്ചിട്ടില്ല.

അതിർത്തിയിൽ മതിൽ നിർമിച്ചും വൈദ്യുത കമ്പിവേലി സ്ഥാപിച്ചും കാടും നാടും വേർതിരിക്കാൻ നടപടി ഉണ്ടാകണം. വനാതിർത്തിയിൽ നിർമിക്കുന്ന കിടങ്ങുകൾ വന്യജീവികളെ ഫലവത്തായി പ്രതിരോധിക്കുന്നതിന് പര്യാപ്തമല്ല. വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം 10 ലക്ഷം രൂപയായി വർധിപ്പിക്കണം.

കുടുംബത്തിലെ ഒരംഗത്തിന് സർക്കാർ ജോലി ഉറപ്പുവരുത്തണം. മൂടക്കൊല്ലിയിൽ മരിച്ച രജീഷിൻെറ കുടുംബത്തിൻെറ സംരക്ഷണം സർക്കാർ ഏറ്റെടുക്കണമെന്നും ആവശ്യപ്പെട്ടു.

### മേപ്പാടി-കല്പറ്റ റോഡ്

## കോട്ടവയൽ-മാനിവയൽ ഭാഗം നന്നാക്കാൻ നേരമില്ല

**മേപ്പാടി:** മേപ്പാടി-കല്പറ്റ റോഡിലെ ഏറ്റവും കൂടുതൽ തകർന്നഭാഗം ഇനിയും നന്നാക്കിയില്ല. കോട്ടവയൽ മുതൽ മാനിവയൽ വരെയുള്ള 200 മീറ്റർ ദൂരമാണ് പൂർണമായി തകർന്നത്.

എത്ര ശ്രദ്ധിച്ചാലും കുഴികളിൽ ചാടിക്കാതെ വാഹനങ്ങൾ ഓടിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഈ ഭാഗത്ത് റോഡ് നിറയെ വൻകുഴികൾ രൂപപ്പെട്ടിട്ട് മാസങ്ങൾ കഴിഞ്ഞെങ്കിലും ഇതുവരെ നന്നാക്കാൻ പൊതുമരാമത്ത് വകുപ്പ് അധികൃതർക്ക് കഴിഞ്ഞിട്ടില്ല. വേനൽ മഴയിൽ റോഡിൻെറ അവസ്ഥ കൂടുതൽ ശോചനീയമായിരിക്കുകയാണ്. കാൽനടയാത്രപോലും ഇപ്പോൾ പറ്റില്ല.

പാലവയലിൽ കുറച്ചുഭാഗം റോഡ് തകർന്നിരുന്നുവെങ്കിലും രണ്ടാഴ്ച മുമ്പ് കുഴികൾഅടച്ച് റീടാറിങ് നടത്തി. എന്നാൽ, കോട്ടവയൽ ഭാഗം നന്നാക്കാൻ തയ്യാറായിട്ടില്ല. രണ്ട് വർഷം മുമ്പ് റോഡ് ഉയർത്തിപ്പണിത ഭാഗമാണിത്. ശക്തമായ മഴപെയ്താൽ വെള്ളം കെട്ടിനില്ക്കും. ഇതുകാരണം റോഡ് പണി കഴിഞ്ഞ് ഏതാനുംദിവസങ്ങൾ കഴിയുന്നതിന് മുമ്പുതന്നെ പഴയ സ്ഥിതിയാകും.

കല്പറ്റയിൽ നിന്ന് ഏറ്റവും കൂടുതൽ ബസ് സർവീസ് നടത്തുന്ന റൂട്ടുകളിലൊന്നാണിത്. മേപ്പാടി, മൂപ്പൈനാട് ഗ്രാമപ്പഞ്ചായത്തുകാർക്ക് കല്പറ്റ, മാനന്തവാടി എന്നിവിടങ്ങളിലെ ആസ്പത്രികളിലും മേപ്പാടിയിലെ സ്വകാര്യ മെഡിക്കൽ കോളേജിലും എത്തിപ്പെടണമെങ്കിൽ ഈ റോഡിനെ ആശ്രയിക്കണം.

## ഇടിഞ്ഞുവീഴാറായ വീട്ടിൽ ദുരിതവുമായി വീട്ടമ്മ

**പുല്പള്ളി:** ഇടിഞ്ഞു വീഴാറായ വീട്ടിൽ ദുരിതവുമായി മല്ലിടുകയാണ് കുഞ്ഞുമോൾ. പെരിക്കല്ലൂർ എ.കെ.ജി. നഗർ കോളനിയിലെ നാല് സെൻറ് ഭൂമിയിലെ തറപ്പത്ത് പരേതനായ ഗോപിദാസിൻെറ ഭാര്യയാണ് കുഞ്ഞുമോൾ (55).

നാലുവർഷം മുമ്പാണ് ഗോപിദാസ് മരിച്ചത്. കാൻസർ രോഗം ബാധിച്ച ഇവർക്ക് മക്കളോ മറ്റു ബന്ധുക്കളോ ഇല്ല.

14 വർഷംമുമ്പ് ഗ്രാമപ്പഞ്ചായത്ത് നിർമിച്ചുകൊടുത്ത വീട് ഇപ്പോൾ ഇടിഞ്ഞുവീഴാറായ സ്ഥിതിയിലാണ്. മുള്ളൻകൊല്ലി ഗ്രാമപ്പഞ്ചായത്ത് ഒന്നാം വാർഡിലാണ് കോളനി.



ഇടിഞ്ഞുവീഴാറായ വീട്ടിൽ കുഞ്ഞുമോൾ

ഇവിടെയുള്ളവർ പലവട്ടം അധികൃതരോട് പരാതി പറഞ്ഞിട്ടും ഇവരുടെ വീട് പുതുക്കിപ്പണിയാനോ പുതിയ വീട് അനുവദിക്കാനോ തയ്യാറായിട്ടില്ല.

വിധവാപെൻഷൻ മാത്രമാണ് ആകെയുള്ള സഹായം. മറ്റുള്ളവരുടെ സഹായത്താലാണ് ഇവർ മരുന്നിനും ഉപജീവനത്തിനും വക കാണുന്നത്.

## അനുശോചിച്ചു

**കല്പറ്റ:** ശാന്തി പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സെൻറർ രക്ഷാധികാരിയും പുതിയ കെട്ടിടത്തിൻെറ നിർമാണത്തിൽ പ്രധാന പങ്കുവഹിക്കുകയും ചെയ്ത കല്പനാ കൃഷ്ണമോഹൻെറ വേർപാടിൽ കെയർ സെൻറർ അംഗങ്ങളുടെ യോഗം അനുശോചിച്ചു.

പ്രസിഡൻറ് ടി.എസ്. ബാബു അധ്യക്ഷത വഹിച്ചു. ഡോ. ഹാഫിസ് റഹ്മാൻ, ഗഫൂർ താനേരി, എ.പി. വാസുദേവൻ, ലില്ലി ഈപ്പൻ, ഇബ്രാഹിം അറക്ക, പോക്കർ മങ്ങാടൻ, ഇസ്മായിൽ തൈവളപ്പിൽ, അബൂബക്കർ മാട്ടിൽ എന്നിവർ സംസാരിച്ചു.

മാതൃഭൂമി ഡയറക്ടർ കല്പനാ കൃഷ്ണമോഹൻെറയും ചാലിൽ അഹമ്മദ് ഹാജിയുടെയും നിര്യാണത്തിൽ കല്പറ്റ പൗരസമിതി അനുശോചിച്ചു. സി.പി. ഉമ്മർ അധ്യക്ഷത വഹിച്ചു. കെ.കെ.എസ്. നായർ, യു.എ. ഖാദർ, പി.കെ. പ്രഭാകരൻ തുടങ്ങിയവർ സംസാരിച്ചു.

കല്പനാ കൃഷ്ണമോഹൻെറയും അഹമ്മദ്ഹാജിയുടെയും വേർപാടിൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി കല്പറ്റ യൂണിറ്റ് അനുശോചിച്ചു. കെ. കുഞ്ഞിരായിൻ ഹാജി അധ്യക്ഷത വഹിച്ചു.

ഇ. ഹൈദ്രു, കെ.കെ. ജോൺസൺ, എ.പി. ശിവദാസ്, ടി. ഹാരിസ്, കെ. കുഞ്ഞബ്ദുള്ള ഹാജി, വി. എ. ജോൺ, പി.വി. അജിത്ത്, അഷറഫ് വേങ്ങാട് തുടങ്ങിയവർ സംസാരിച്ചു.



പാനവായനയിൽ പങ്കെടുക്കുന്നവർ

## പുത്തൻ പാന വായനയുടെ പുണ്യവുമായി ക്രൈസ്തവർ

**നടവയൽ:** പുത്തൻ പാന വായനയുമായി വിശുദ്ധവാരത്തിൻെറ അവസാനഘട്ടത്തെ വരവേൽക്കുകയാണ് ക്രൈസ്തവർ. കുടുംബാംഗങ്ങൾ ഭക്തിപൂർവം മാറിമാറിയാണ് പാനവായിക്കുന്നത്.

ജർമൻ മിഷണറിയായ അർണോസ് പാതിരിയാണ് പുത്തൻ പാനയുടെ കർത്താവ്. 1700-കളിലാണ് ഇത് രചിക്കപ്പെട്ടത്. 14 പാദങ്ങളിലായി 1700-ൽപരം വരികളിൽ എഴുതപ്പെട്ട ഈ കാവ്യത്തിൽ ലോകസൃഷ്ടി മുതൽ മിശിഹായുടെ ജനനമരണങ്ങൾ, അപ്പസ്തോലരുടെ പ്രവർത്തനങ്ങൾ വരെ പ്രതിപാദിച്ചിട്ടുണ്ട്.

പുത്തൻപാനയുടെ ഏറ്റവും പ്രധാനഭാഗം 10, 11, 12 പാദങ്ങളാണ്. പെസഹാ വ്യാഴാഴ്ച രാത്രി അപ്പം മുറിക്കുന്നതിന് മുമ്പും ദുഃഖ വെള്ളിയാഴ്ച രാവിലെയും ഇവ പാടുന്ന പതിവുണ്ട്. പത്താം പാദം പെസഹാ വ്യാഴാഴ്ചയും പതിനൊന്നും പന്ത്രണ്ടും പാദങ്ങൾ ദുഃഖവെള്ളിയാഴ്ചയുമാണ് വായിക്കുന്നത്. ''അമ്മ കന്യാമണി തൻെറ നിർമല ദുഃഖങ്ങളിപ്പോൾ നന്മയാലെ മനസ്സറ്റുകേട്ടുകൊണ്ടാലും'' എന്ന് തുടങ്ങുന്ന പന്ത്രണ്ടാം പാദം ദൈവമാതാവിൻെറ വ്യാകുല പ്രലാപം എന്നറിയപ്പെടുന്നു. ഇത് യേശുക്രിസ്തുവിൻെറ പീഡാനുഭവം അമ്മയിലുണ്ടാകുന്ന വേദനകളുടെ വിലാപമാണ്. ദുഃഖവെള്ളിയാഴ്ച വീടുകളിൽ കുരിശുരൂപത്തിന് മുമ്പിൽ ഇരുന്ന് ഇത് പാടും.

## ജില്ലാ കൺവെൻഷൻ

**മീനങ്ങാടി:** കേരള സ്റ്റേറ്റ് ഹയർ ഗുഡ്സ് ഓണേഴ്സ് അസോസിയേഷൻ ജില്ലാ കൺവെൻഷനും സംസ്ഥാന ഭാരവാഹികൾക്ക് സ്വീകരണവും 22-ന് 10 മണിക്ക് മീനങ്ങാടി പഞ്ചായത്ത് എസ്.എ.മജീദ് ഹാളിൽ നടക്കും.

## വിജയികളെ അനുമോദിച്ചു

**പുല്പള്ളി:** ജയശ്രീ ഹയർ സെക്കൻഡറി സ്കൂളിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയിച്ച വിദ്യാർഥികളെ പി.ടി.എ. യോഗം അനുമോദിച്ചു.

125-ൽ 123 പേരാണ് ഇവിടെ വിജയിച്ചത്. ഏഴുപേർക്ക് എല്ലാ വിഷയത്തിലും എ.പ്ലസ് ലഭിച്ചു.

പി.ടി.എ. പ്രസിഡൻറ് എൻ.പി. തങ്കച്ചൻ അധ്യക്ഷനായി. എം.പി.ടി.എ. പ്രസിഡൻറ് ഷീനാസുകു, മാനേജർ കെ.ആർ. ജയറാം, പ്രിൻസിപ്പൽ കെ.ആർ. ജയരാജ്, ഹെഡ്മിസ്ട്രസ് കെ.റാണിവർഗീസ്, അധ്യാപകരായ പി.ആർ. സുരേഷ്, കെ.പി. ഗോവിന്ദൻകുട്ടി, പി.കെ. രാജൻ,, കെ.കെ. രാഘവൻ, പ്രവീൺ ജേക്കബ്, എം.ജി. മിനി എന്നിവർ സംസാരിച്ചു.

## ചതുപ്പിലകപ്പെട്ട കാട്ടുപോത്ത് ചത്തു

### നീലഗിരിയിൽ നിന്ന്

**ഗൂഡല്ലൂർ:** കൂനൂരിന് സമീപം ജിംഖാനയിലെ ചതുപ്പിൽ കുടുങ്ങി കാട്ടുപോത്ത് ചത്തു. രണ്ട് കാട്ടുപോത്തുകൾ തമ്മിൽ ഏറ്റുമുട്ടുന്നതിനിടയിൽ ഒന്ന് ചതുപ്പിലേക്ക് വീണതാണെന്ന് കരുതുന്നു. ആറുവയസ്സ് പ്രായമുള്ള കാട്ടുപോത്തിൻെറ ശരീരത്തിൽ ധാരാളം മുറിവുകളുള്ളതായി പോസ്റ്റുമോർട്ടം റിപ്പോർട്ടിലുണ്ട്.

### പച്ചത്തേയിലയ്ക്ക് മാസവില 14 രൂപ

**ഗൂഡല്ലൂർ:** നീലഗിരിയിലെ സഹകരണ ഫാക്ടറികളിൽ മാർച്ച് മാസത്തെ പച്ചത്തേയില വില കിലോയ്ക്ക് 14 രൂപയായി നിശ്ചയിച്ചു. ജില്ലയിൽ സഹകരണമേഖലയിൽ 15 ഫാക്ടറികളാണുള്ളത്. ഇതിൽ പതിനായിരക്കണക്കിന് തേയില കർഷകർ അംഗങ്ങളാണ്. കട്ടബെട്ടു സഹകരണഫാക്ടറി ഒഴിച്ചുള്ള മറ്റെല്ലാ ഫാക്ടറികളിലും പച്ചത്തേയിലയുടെ വില നിശ്ചയിക്കുന്നത് ഇൻഡ്കോ സർവ് മുഖേനയാണ്.

മഞ്ചൂർ, കൈകാട്ടി, സാലിസ്ബറി ഗൂഡല്ലൂർ, പന്തല്ലൂർ ഇൻഡ്കോ ഫാക്ടറികളിൽ അംഗങ്ങൾക്ക് 14.25 രൂപ വീതം ഒരു കിലോയ്ക്ക് വിതരണം ചെയ്യും. കുന്ദ, ബിക്കട്ടി, മേർക്കുനാട്, മഹാലിംഗ, ഇത്തലാർ, കിണ്ണക്കൊര, കറുമ്പാലം, എരുമാട് ഫ്രോണ്ടിയർ, ബിദിർക്കാട് ഇൻഡ്കോ എന്നിവിടങ്ങളിൽ 14 രൂപ വീതവും വിലനൽകും.

നീലഗിരിയിൽ ഇപ്പോൾ വരണ്ട കാലാവസ്ഥയായതിനാൽ തേയിലച്ചെടികളിൽ വിളവ് വളരെ കുറവാണ്. ഇപ്പോൾ കൂടുതൽ വില ലഭിക്കുമെന്നാണ് കർഷകരുടെ പ്രതീക്ഷ. കഴിഞ്ഞവർഷം ഇതേ സീസണിൽ ഊട്ടി ഭാഗത്ത് പച്ചത്തേയില കിലോയ്ക്ക് 24 രൂപവരെ വില ലഭിച്ചതാണ്.

### പുള്ളിമാൻ കിണറ്റിൽവീണു

**ഗൂഡല്ലൂർ:** ബിദിർക്കാടിനുസമീപം ചന്തക്കുന്നിൽ സ്വകാര്യ തോട്ടത്തിലെ കിണറ്റിൽ പുള്ളിമാൻ വീണു. വിവരമറിഞ്ഞെത്തിയ ബിദിർക്കാട് റെയ്ഞ്ച് വനപാലകസംഘം മൂന്നുമണിക്കൂർ നേരത്തേ പരിശ്രമംകൊണ്ടാണ് അഞ്ചുവയസ്സുള്ള മാനിനെ കരയ്ക്കെത്തിച്ചത്. അവശനിലയിലായിരുന്ന മാനിന് ചികിത്സ നൽകിയശേഷം കാട്ടിൽ വിട്ടു.

### സ്കൂൾ വിദ്യാർഥികൾക്ക് ഫുട്ബോൾ പരിശീലനം

**എരുമാട്:** യുവതാര ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിൻെറ നേതൃത്വത്തിൽ നീലഗിരി ഗോൾഡൻ ഗോൾ സോക്കർ അക്കാദമി സ്കൂൾ വിദ്യാർഥികൾക്കായി എരുമാട് ഗവ. ഹൈസ്കൂൾ ഗ്രൗണ്ടിൽ ഫുട്ബോൾ പരിശീലനം നൽകും. 23-ന് രാവിലെ 6.30-ന് നീലഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. കെ.എ.എം. അൻവർ ഉദ്ഘാടനം ചെയ്യും.

നാലുവർഷമായി മധ്യവേനൽ അവധിക്കാലങ്ങളിൽ സ്കൂൾ വിദ്യാർഥികൾക്കായി നടത്തുന്ന ക്യാമ്പിൻെറ ഇത്തവണത്തെ പരിശീലകൻ കാലിക്കറ്റ് സർവകലാശാല മുൻ ഫുട്ബോൾ താരമായ ബിനോയ് മീനങ്ങാടിയാണ്. ഫിസിക്കൽ ഫിറ്റ്നസ്, പ്രകൃതിയെ അടുത്തറിയാൻ ട്രക്കിങ്, ആഴ്ചയിലൊരിക്കൽ യോഗാ ക്ലാസ്, ഫുട്ബോൾ മേഖലയിലെ വിഷയങ്ങളെ ആസ്പദമാക്കി സെമിനാറുകൾ, ചർച്ചകൾ എന്നിവയും ക്യാമ്പിൻെറ ഭാഗമായി നടത്തും. ക്യാമ്പിൽ പങ്കെടുക്കുന്നവരിൽ 16 പേർക്ക് ഡൽഹിയിൽ നടക്കുന്ന യുവകേന്ദ്രയുടെ ഫുട്ബോൾ പരിശീലന ക്യാമ്പിൽ പങ്കെടുക്കാൻ അവസരമുണ്ടാകും. താത്പര്യമുള്ളവർ 21-ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യണമെന്ന് ക്യാമ്പ് ഡയറക്ടർ സരിൽ വർഗീസ് അറിയിച്ചു.

### റാലി നടത്തി

ഗൂഡല്ലൂർ: നീലഗിരിയിൽ പോളിങ് നൂറ് ശതമാനമാക്കി ഉയർത്താനായി റാലി നടത്തി. ജില്ലാ കളക്ടർ പി. ശങ്കർ ബോധവത്കരണ റാലി ഉദ്ഘാടനം ചെയ്തു.

ഊട്ടി പൗരസമിതി ശാന്തി വിജയ ഗേൾസ് ഹൈസ്കൂളിൽനിന്ന് ആരംഭിച്ച റാലി ഊട്ടി എ.ടി.സി., കോഫി ഹൗസ് ജങ്ഷൻ, കൊമേഴ്സ്യൽ റോഡ്, ചാരിങ് ക്രോസ് ഗാന്ധിമണ്ഡപം എന്നീ സ്ഥലങ്ങളിൽ പര്യടനം നടത്തി. പുതുച്ചേരിയടക്കം തമിഴ്നാട്ടിലെ 40 മണ്ഡലങ്ങളിലുമായി 24-നാണ് തിരഞ്ഞെടുപ്പ്. പൗരസമിതി പ്രസിഡൻറ് ഖാതിരിയ അധ്യക്ഷത വഹിച്ചു.



പെൻഷൻ വിതരണം മുടങ്ങിയതിൽ പ്രതിഷേധിച്ച് പന്തല്ലൂർ താലൂക്ക് ഓഫീസിന് മുന്നിൽ പെൻഷൻകാർ ധർണ നടത്തുന്നു

### പെൻഷൻകാർ ധർണ നടത്തി

പന്തല്ലൂർ: വാർധക്യകാല പെൻഷൻ വിതരണത്തിൽ കാലതാമസം നേരിടുന്നതിൽ പ്രതിഷേധിച്ച് ബിദിർക്കാട് നിവാസികളായ പെൻഷൻകാർ പന്തല്ലൂർ താലൂക്ക് ഓഫീസിന് മുമ്പിൽ ധർണ നടത്തി. മൂന്ന് മാസമായി പെൻഷൻ ലഭിച്ചിട്ടില്ലെന്നാണ് ഇവരുടെ പരാതി.

ബിദിർക്കാട് സൗത്ത് ഇന്ത്യൻ ബാങ്ക് മുഖേന പ്രദേശത്തെ 482 പേർക്കാണ് പെൻഷൻ വിതരണം മുടങ്ങിയത്. തുക ബാങ്കിലേക്ക് അയച്ചിട്ടുണ്ടെന്നും ഉടൻ വിതരണം നടത്തുമെന്നും പന്തല്ലൂർ താലൂക്ക് ഡെപ്യൂട്ടി തഹസിൽദാർ ചന്ദ്രൻ പറഞ്ഞു.

RNI Reg.No.3037/57 ◆ Book: 92 No. 31 ◆ Printed and Published by P.V.Chandran for The Mathrubhumi Printing & Publishing Company Limited, Kozhikode at The Mathrubhumi Press, Mathrubhumi Buildings, K.P.Kesava Menon Road, Kozhikode - 673001◆ Managing Editor: P. V. Chandran
Editor: M. Kesava Menon (Editor responsible for selection of news under PRB Act). Phone: (0495) 2366655 ◆ Fax: (0495) 2366656 ◆ E-mail: mbiclt@mpp.co.in